പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3437.

09.04.2013 ൽ മറുപടിക്ക്

## ഗോഡൗണുകളിൽ നടത്തിയ റെയ്ഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാപോറ്റി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ പൊതു വിതരണ വകുപ്പിന്റെ അധീനതയിലുള്ള ഗോഡൗണുകളിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര റെയ്ഡുകളും പരിശോധനകളും നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) 14 പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ വിശദമാക്കുമോ; | (ബി) 01.02.2013 ൽ കൊല്ലം ഡിപ്പോയിൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ നടത്തിയ പരിശോധനയിൽ 289 കിലോഗ്രാം പുഴുക്കലരി, 1620 കിലോഗ്രാം പച്ചരി, 459 കിലോഗ്രാം ഗോതമ്പ് എന്നിവ കണക്കിൽ കൂടുതലായി കാണപ്പെട്ടു. 20.03.2013ൽ കൊല്ലം ഡിപ്പോയിൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ നടത്തിയ പരിശോധനയിൽ 1232 കിലോഗ്രാം പച്ചരി കുറവും 4980 കിലോഗ്രാം ഗോതമ്പ്, 19290 കിലോഗ്രാം പുഴുക്കലരി എന്നിവ കണക്കിൽ കൂടുതലും കണ്ടെത്തി. 20.03.2013 ൽ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ ആശ്രാമം പൈ ഗോഡൗണിൽ നടത്തിയ പരിശോധനയിൽ 391 കിലോഗ്രാം പുഴുക്കലരി, 240 കിലോഗ്രാം ഗോതമ്പ് എന്നിവ കണക്കിൽ കുറവും 535 കിലോഗ്രാം പച്ചരി കണക്കിൽ കൂടുതലും കണ്ടെത്തി; |

| | | | |
|---|---|---|---|
| (സി) | ക്രമക്കേടുകൾ കാട്ടിയ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും അവർക്കെതിരെ കൈക്കൊണ്ട നടപടികളും വിശദമാക്കുമോ? | (സി) | കൊല്ലം ഡിപ്പോയിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ ശ്രീ. ബി. പത്മകുമാർ, ശ്രീ മുകുന്ദൻ എന്നിവരേയും, കൊല്ലം ഡിപ്പോയുടെ പൂർണ്ണ ചുമതലക്കാരനായ അസിസ്റ്റന്റ് മാനേജർ ശ്രീ വി. അശോകനേയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ